പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2976 20-12-2012-ൽ മറുപടി നൽകേണ്ടത്.

# റവന്യൂ വകുപ്പിൽ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ എൽ.ഡി.ഡി., യു. ഡി.ഡി., എച്ച്.സി., ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികയിലുള്ള ജീവനക്കാരുടെ സ്ഥലം മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂ കയർ വകുപ്പ് മന്ത്രി |
| (എ) റവന്യൂ വകുപ്പിൽ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ എൽ.ഡി.സി., യു. ഡി.സി., എച്ച്.സി., ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികയിലുള്ള ജീവനക്കാർക്ക് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ഥലം മാറ്റംനൽകാറുണ്ടോ;എങ്കിൽ ആയതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദീകരിക്കുമോ; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ/ സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; | (എ) ഉണ്ട്. റവന്യൂ വകുപ്പിൽ ജി.ഒ.(പി)നം. 12/2004/ഉഭപവ തീയതി 10.9.2004 ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് സ്ഥലം മാറ്റം നൽകി വരുന്നത്.ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ടി തസ്തികകളിലേയ്ക്ക് ആർക്കെല്ലാം സീനിയോറിറ്റി ലംഘിച്ച് കമ്പാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലം മാറ്റം നൽകിയിട്ടുണ്ടെന്നുള്ള വിവരംനൽകുമോ ; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും തിരിച്ചുള്ള ലിസ്റ്റ്ലഭ്യമാക്കുമോ ; ഇവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രത്യേക പരിഗണന നൽകിയിട്ടുള്ള വിഭാഗത്തിൽപെടുന്ന (SC/ST, PH, Inter Caste Marriage) ഉദ്യോഗസ്ഥർക്ക് സീനിയോറിറ്റി കണക്കാക്കാതെ സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. ടി ജീവനക്കാരുടെ വിവരങ്ങൾ തസ്തിക തിരിച്ചുള്ളത് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ സീനിയോറിറ്റി ലംഘിച്ച് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകിയിട്ടുള്ളവരുടെ മെഡിക്കൽ | (സി) മെഡിക്കൽ ഓഫീസർമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വകുപ്പ് |

| | |
|---|---|
| സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡിൽ നിന്ന് ലഭിച്ചിട്ടുള്ളതാണോ; സാധാരണ മെഡിക്കൽ ഓഫീസർമാരിൽ നിന്ന് ലഭിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് അനുസരിച്ച് സ്ഥലംമാറ്റം നൽകുവാൻ വ്യവസ്ഥയുണ്ടോ ;ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | മേധാവിക്ക് ബോധ്യമാകുന്ന കേസുകളിൽ പൊതു മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ (ജി.ഒ.(പി)നം. 12/2004/ഉഭപവ) മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലംമാറ്റം അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ഡി) കമ്പാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലം മാറ്റം നൽകണമെന്ന് കളക്ടർമാർ റിപ്പോർട്ട് ചെയ്ത ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (ഡി) അത്തരം കേസുകൾ നിലവിലില്ല. |
| (ഇ) ഈ സർക്കാർ ഇത്തരത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലം മാറ്റം നടത്തിയിട്ടുണ്ടെങ്കിൽ ആയത് മുഴുവനും റദ്ദു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ഇ) മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലം മാറ്റം നൽകിയിട്ടില്ല. |
| (എഫ്) ഇത്തരത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**